(6) ക്ഷേത്രജീവനക്കാരുടെ സമരം

ശ്രീ .എ.വി.താമരാക്ഷൻ: സർ, തിരുവിതാംകൂർ ദേവസ്വത്തിന്റെ കീഴിൽ അടിച്ചു തളി മുതൽ ശാന്തിപ്പണിവരെ ചെയ്യുന്ന 1200–ൽപ്പരം ക്ഷേത്രങ്ങളിലെ അയ്യായിരത്തിൽപ്പരം ജീവനക്കാർ ഇന്നു സമരരംഗത്താണ്. ഇരുപതിൽപ്പരം അടിയന്തിരാവശ്യങ്ങളാണ് അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അയ്യായിരത്തിൽപ്പരം ജീവനക്കാർ സമരത്തിൽ ഉറച്ചുനിൽക്കുകയാണ്. നാളെ ഈ ജീവനക്കാർ ദേവസ്വം ബോർഡിലേക്ക് മാർച്ച് ചെയ്യുകയാണ്. ഗ്രാറ്റുവിറ്റി അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക, സെക്കൻഡ് ഗ്രേഡ് തേഡ് ഗ്രേഡിലും അനുവദിക്കുക, ഗവൺമെന്റ് ജീവനക്കാർക്ക് തുല്യമായ നിലയിൽ പെൻഷൻ അനുവദിക്കുക തുടങ്ങിയ ഇരുപതിൽപ്പരം ആവശ്യങ്ങളാണ് ക്ഷേത്രജീവനക്കാർ ഉയർത്തിയിരിക്കുന്നത്. ഇന്നലെ ദേവസ്വം ബോർഡ് അധികാരികളുമായി ചർച്ച നടത്തിയെങ്കിലും ഇതിനെ സംബന്ധിച്ച് ഫലപ്രദമായ ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല. മറ്റ് തൊഴിലാളികളെപ്പോലെ പണിമുടക്കാൻ അവകാശമില്ലാത്ത 1200–ൽപ്പരം ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന അയ്യായിരത്തിൽപ്പരം ജീവനക്കാരുടെ ജീവത്തായ ഈ പ്രശ്നത്തിൽ സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് പരിഹാരമുണ്ടാക്കണമെന്നാണ് . എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.സി.എം.സുന്ദരം): സർ, 8–7–1986–ൽ ടെമ്പിൾ എംപ്ലോയീസ് യൂണിയൻ പ്രതിനിധികളും ദേവസ്വം ബോർഡുമായിട്ട് ചർച്ച നടത്തി. അതിന്റെയടിസ്ഥാനത്തിൽ കാര്യങ്ങൾ തീർന്നിരിക്കുന്നു എന്നുള്ളതാണ് വസ്തുത. ആ നിലയ്ക്ക് ഇക്കാര്യത്തിൽ കൂടുതലായി ഒന്നും പറയാനുണ്ടെന്നു തോന്നുന്നില്ല.

(7) കാൻറീൻ തൊഴിലാളികളുടെ സേവന വ്യവസ്ഥകൾ

ശ്രീ.വി.കെ.രാജൻ: സർ, കേരളത്തിൽ ഇൻഡസ്ട്രിയൽ കാൻറീനുകളിൽ പണിയെടുക്കുന്ന ജീവനക്കാർ പല കമ്പനികളിലും കോൺട്രാക്ട് തൊഴിലാളികളായി ജോലി ചെയ്തു വരികയാണ്. കമ്പനികളിൽ നിർബന്ധമായി കാൻറീൻ സൗകര്യങ്ങൾ വേണമെന്നു നിയമപരമായി ഇൻഡസ്ട്രിയൽ ആക്ട് അനുശാസിക്കുമ്പോൾ ഈ തൊഴിലാളികൾ ഇന്ന് കോൺട്രാക്ടർമാരുടെ കീഴിൽ യാതൊരു പരിരക്ഷയുമില്ലാതെ മുതലാളിമാർക്ക് പണമുണ്ടാക്കുവാനുള്ള ഉപകരണങ്ങളായി നിലനിൽക്കുകയാണ്. ഇതിനെതിരായി യൂണിയനുകൾ നിരവധി പരാതികൾ കോൺട്രാക്ട് ലേബർ അബോളിഷ്മെന്റ് ബോർഡിന് കൊടുത്തതിന്റെ ഫലമായി 2 വർഷം മുമ്പ് ബോർഡ് ഭാരവാഹികളേയും യൂണിയൻ പ്രതിനിധികളേയും കമ്പനി മാനേജ്മെന്റുകളേയും എറണാകുളം ജോയിന്റ് ലേബർ കമ്മീഷണറാഫീസിൽ വിളിച്ചു വർത്തി വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. എന്നാൽ ബോർഡിന്റെ തീരുമാനം നാളിതുവരെ യൂണിയനെ അറിയിച്ചിട്ടില്ല. ഇതിനെക്കുറിച്ച് ബോർഡിൽ അന്വേഷിച്ചപ്പോൾ സർക്കാർ നിർദ്ദേശപ്രകാരം തൽക്കാലനടപടികൾ നിർത്തിവച്ചിരിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. അവർക്ക് പരിരക്ഷ കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly